പാഠ പുസ്തകങ്ങളുടെ അച്ചടി

* 402 [462]. [ശ്രീ. ടി. കെ. അറുമുഖൻ :

,, വി. ജെ. തങ്കപ്പൻ :

,, പി. സി. തോമസ് :

,, എ. കെ. പത്മനാഭൻ :

,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ജൂൺ 10-ാം തീയതിക്കകം സംസ്ഥാനത്തെ എല്ലാ സ്ക്കൂൾ പാഠ പുസ്തകങ്ങളും വിദ്യാലയങ്ങളിൽ എത്തിക്കുമെന്ന വിദ്യാഭ്യാസമന്ത്രിയുടെ ഉറപ്പു പാലിക്കപ്പെടുകയുണ്ടായോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്താണ് ;

(സി) മലയാളം മീഡിയം ക്ലാസ്സുകളിലേക്കുള്ള പാഠ പുസ്തകങ്ങൾ ഇതുവരെ വിദ്യാർത്ഥികൾക്കു ലഭിച്ചിട്ടില്ലെന്നറിയുന്നതു ശരിയാണോ ;

(ഡി) 9-ാം ക്ലാസ്സിലെ ഏതെല്ലാം പുസ്തകങ്ങളുടെ അച്ചടിയാണ് ഇനിയും പൂർത്തിയാക്കാനുള്ളത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ആറാം ക്ലാസിലെയും ഒൻപതാം ക്ലാസിലെയും പുതുക്കിയ പാഠ പുസ്തകങ്ങൾ ഒഴികെയുള്ള പാഠപുസ്തകങ്ങളെല്ലാംതന്നെ പ്രസ്തുത കാലയളവിൽതന്നെ സംസ്ഥാനത്തെ എല്ലാ സ്ക്കൂളുകളിലും എത്തിച്ചിട്ടുണ്ട്.

(ബി) ഈ അദ്ധ്യയന വർഷത്തിൽ പുതുക്കിയ പാഠപുസ്തകങ്ങളുടെ അച്ചടി യഥാസമയം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഒൻപതാം ക്ലാസിലെ പുതുക്കിയ ചില മലയാള പാഠ പുസ്തകങ്ങളുടെ അച്ചടി ഇതുവരെ പൂർത്തിയായിട്ടില്ല.

(ഡി) ഊർജ്ജതന്ത്രം, ഭൂമിശാസ്ത്രം, ധനതത്വശാസ്ത്രം, ഗണിതം എന്നീ മലയാള പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വരുന്നതേയുള്ളു.

അനധികൃതമായി സ്പിരിറ്റ് കൊണ്ടുവന്നതിന്റെ പേരിലുള്ള കേസുകൾ

* 403 [463]. [ശ്രീ. വി. സി. കബീർ :

,, എ. സി. ഷൺമുഖദാസ് :

,, കെ. കൃഷ്ണൻകുട്ടി :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

[ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അനധികൃതമായി സ്പിരിറ്റു കൊണ്ടുവന്ന ആരുടെയെങ്കിലുംമേൽ കേസെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തിനു പുറത്തുനിന്ന് പെർമിറ്റ് ഇല്ലാതെ സ്പിരിറ്റ് കൊണ്ടുവന്നതിന്റെ പേരിൽ 1984-85-ൽ എത്ര കേസെടുത്തിട്ടുണ്ട് ;

(ഡി) ചെക്പോസ്റ്റുകളിൽ തടഞ്ഞുവച്ച സ്പിരിറ്റ് പന്നീട് വിട്ടുകൊടുക്കുകയുണ്ടായിട്ടുണ്ടോ ;

(ഇ) വിദേശ മദ്യവും സ്പിരിറ്റും വ്യാജമായി ഇപ്പോഴും കൊണ്ടുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതുതടയാൻ എന്തു നടപടി സ്വീകരിച്ചു ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) ആറ് (6) കേസുകൾ പിടിച്ചിട്ടുണ്ട്.

(ബി) ആറ് (6) കേസുകൾ.

(സി) അഞ്ച് (5) കേസുകൾ.

(ഡി) ഇല്ല.

(ഇ) കോഴിക്കോട് ഡിവിഷനിൽ വിദേശമദ്യം കടത്തിക്കൊണ്ടുവന്നതിന് ഒരു കേസെടുത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) വിദേശമദ്യത്തിന്റെ അനധികൃതമായ കടത്ത് തടയുന്നതിനു വേണ്ടി തിരുവനന്തപുരത്തും കോഴിക്കോട്ടും ഓരോ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ആറു സ്ക്വാഡുകൾ കൂടി ഉടനെ രൂപീകരിക്കുന്നതാണ്.

ആദായ നികുതി നിരക്കുകളിൽ വരുത്തിയ മാറ്റങ്ങൾമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം

* 404 [464]. ശ്രീ. പി. സി. ജോർജ് :

,, കോട്ടക്കുഴി സുകുമാരൻ :

,, എം. വി. മാണി :

,, ഇ. ജെ. ലൂക്കോസ് :

,, വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കേന്ദ്ര ബഡ്ജറിൽ ആദായ നികുതി നിരക്കുകളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത് ;

(ബി) ഇതുമൂലം സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഈ വർഷം നഷ്ടം ഉണ്ടാകുമോ, ഉണ്ടെങ്കിൽ എത്രമാത്രം ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) കേന്ദ്ര ധനകാര്യമന്ത്രിയുടെ ബഡ്ജറ് പ്രസംഗം അനുസരിച്ച് കേന്ദ്ര ആദായ നികുതിയിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തിയിരിക്കുന്നു.

(1) ആദായ നികുതിയുടെ നികുതി ഒഴിവാക്കൽ പരിധി 15,000 രൂപയിൽ നിന്ന് 18,000 രൂപയായി ഉയർത്തി.

(2) നികുതി സ്ലാബുകൾക്ക് ചുമത്തുന്ന നിരക്കുകളുടെ ഘടന പരിഷ്ക്കരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly